ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:21-07-2024**

## പ്രധാനവാർത്തകൾ

1. മലപ്പുറത്ത് നിപ ബാധിച്ച് ചികിത്സയിലായിരുന്ന വിദ്യാർത്ഥി മരിച്ചു. സംസ്കാര ചടങ്ങുകൾ നിപാ പ്രോട്ടോകോൾ അനുസരിച്ച് നടത്തും. സംസ്ഥാനത്ത് 246 പേർ സമ്പർക്ക പട്ടികയിൽ.
2. നിപ വൈറസ് ബാധയുമായി ബന്ധപ്പെട്ട് കേരളം ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചതായി മന്ത്രി വീണാ ജോർജ്. രോഗബാധയുടെ പശ്ചാത്തലത്തിൽ വിദഗ്ധ സംഘത്തെ നിയോഗിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയം .
3. കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിക്കായി സൈന്യത്തിന്റെ നേതൃത്വത്തിൽ തെരച്ചിൽ നടത്തി ; മൺകൂനയിൽ ലോറി ഇല്ലെന്ന് സ്ഥിരീകരിച്ചതായി കർണാടക റവന്യൂ മന്ത്രി.
4. പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് നാളെ തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി ഇന്ന് സർവ്വകക്ഷി യോഗം ചേർന്നു.
5. ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനത്തിന് അൽപ്പസമയത്തിനകം ന്യൂഡൽഹിയിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി സമ്മേളനം ഉദ്ഘാടനം ചെയ്യും
6. ഏഷ്യാ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റിൽ യു എ ഇ ക്കെതിരെ ഇന്ത്യക്ക് 78 റൺ ജയം.

$$$$$$$$$$$$$$$$$$$$$$$$$

RJUTVPM

<u>നിപ</u>

മലപ്പുറത്ത് നിപ ബാധിച്ച് ചികിത്സയിലായിരുന്ന വിദ്യാർത്ഥി മരിച്ചു. ഇന്നലെ നിപ സ്ഥിരീകരിച്ച പാണ്ടിക്കാട് സ്വദേശിയായ പതിനാലുകാരനാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരിച്ചത്. വെൻറിലേറ്ററിലായിരുന്നു കുട്ടി. ഇന്ന് രാവിലെ പതിനൊന്നരയോടെയാണ് മരണം സ്ഥിരീകരിച്ചതെന്ന് മന്ത്രി വീണാ ജോർജ് മാധ്യമങ്ങളോട് പറഞ്ഞു. രാവിലെ അതീവ ഗുരുതരാവസ്ഥയിലായ കുട്ടിക്ക് ഹൃദയാഘാതവും ഉണ്ടായി. സംസ്കാര ചടങ്ങുകൾ നിപാ പ്രോട്ടോകോൾ അനുസരിച്ചായിരിക്കും നടത്തുകയെന്നും മന്ത്രി പറഞ്ഞു. ഈ മാസം പത്തിനാണ് എട്ടാം ക്ലാസ് വിദ്യാർഥിക്ക് പനി ബാധിച്ചത്. ആദ്യം പാണ്ടിക്കാട്ടെ ക്ലിനിക്കിലും പിന്നീട് സ്വകാര്യ ആശുപത്രിയിലും ചികിത്സ തേടി. രോഗം മൂർച്ഛിച്ചതോടെ പെരിന്തൽമണ്ണയിലെയും തുടർന്ന് കോഴിക്കോട്ടെയും സ്വകാര്യ ആശുപത്രികളിലേക്ക് മാറ്റി. ഇവിടുത്തെ പരിശോധനയിൽ നിപ സംശയത്തെ തുടർന്ന് സ്രവ സാമ്പിൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. പുനെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ച സാമ്പിൾ ഫലം പോസിറ്റീവ് ആണെന്ന് ഇന്നലെ വൈകിട്ടോടെയാണ് പുറത്തു വന്നത്.

$$$$$$$$$$$$$$$$$$$$$$$$$$

RNJ TVPM

<u>നിപ്പ- കേരളം (ഇൻട്രോ)</u>

<u>*നിപ വൈറസ് ബാധയുമായി ബന്ധപ്പെട്ട് കേരളം യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിച്ചതായി മന്ത്രി വീണ ജോർജ് മാധ്യമങ്ങളോട് പറഞ്ഞു. നിപ വൈറസിനെ നിർമാർജനം ചെയ്യുന്നതിനായി ലോകത്തിന് തന്നെ മാതൃകയാവുന്ന വിധത്തിൽ ഗവേഷണ പ്രവർത്തനങ്ങളുമായി കേരളം മുന്നോട്ടു പോവുകയാണ്. സംസ്ഥാനത്ത് 246 പേരാണ് നിലവിൽ നിപ സമ്പർക്ക പട്ടികയിലുള്ളതെന്നും മന്ത്രി പറഞ്ഞു. അതിനിടെ, രോഗബാധയുടെ പശ്ചാത്തലത്തിൽ വിദഗ്ധ സംഘത്തെ കേന്ദ്ര ആരോഗ്യമന്ത്രാലയം നിയോഗിച്ചു.*</u>

<u>*വിശദാംശങ്ങളിലേക്ക്...*</u>

<u>*(വോയിസ്)*</u>

*<u>സമ്പർക്ക പട്ടികയിലുള്ളവരിൽ 63 പേർ ഹൈ റിസ്ക് വിഭാഗത്തിൽ പെടുന്നവരാണ്. ഇവരിൽ രോഗലക്ഷണമുള്ള രണ്ട് പേരുടെ സാമ്പിളുകൾ ആദ്യം പരിശോധിക്കും. സമ്പർക്കപ്പട്ടികയിലുള്ളവരുടെ പരമാവധി സാമ്പിളുകൾ കേരളത്തിൽ പരിശോധിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾക്ക് പുറമെ തോന്നയ്ക്കൽ വൈറോളജി ഇന്സ്ടിട്യൂട്ടിൽ പി. സി. ആർ. സൗകര്യമുണ്ട്. കൂടാതെ പൂനെ വൈറോളജി ഇൻസ്റ്റിട്യൂട്ടിൽ നിന്നും ഒരു മൊബൈൽ ലാബ് കൂടി എത്തിക്കുമെന്നും മന്ത്രി അറിയിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിൽ 30 ഐസൊലേഷൻ റൂമുകളും കോഴിക്കോട് മെഡിക്കൽ കോളേജിൽ അതിതീവ്ര പരിചരണ സംവിധാനങ്ങളും ക്രമീകരിച്ചു. പാണ്ടിക്കാട്, ആനക്കയം പഞ്ചായത്തുകളിൽ താല്ക്കാലിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വണ്ടൂർ, നിലമ്പൂർ, കരുവാരക്കുണ്ട് എന്നിവിടങ്ങളിൽ പ്രത്യേക പനി ക്ലിനിക്കുകൾ തുടങ്ങും. നിപ രോഗബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിന് വിദഗ്ധ സംഘത്തെ നിയോഗിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. രോഗബാധയെ നേരിടാനും, രോഗ സ്രോതസ്സ് മനസ്സിലാക്കാനും, സാങ്കേതികപിന്തുണ നൽകുന്നതിനുമാണ് സംഘത്തെ നിയോഗിച്ചത്. കേരളത്തിൽ അഞ്ചാം തവണയാണ് നിപ വൈറസ് ബാധ സ്ഥിരീകരിക്കുന്നത്. 2018 ൽ കോഴിക്കോട് പേരാമ്പ്രയിൽ ആണ് ആദ്യമായി രോഗ ബാധ റിപ്പോർട്ട് ചെയ്തത്. കഴിഞ്ഞ ആറ് വർഷങ്ങളിലായി ഇതുവരെ 21 പേരാണ് നിപ ബാധിച്ച് സംസ്ഥാനത്ത് മരിച്ചത്.</u>*

*<u>ന്യൂസ് ഡെസ്ക് ആകാശവാണി.</u>*

$$$$$$$$$$$$$$$$$$$$$$$$$

<u>മുഖ്യമന്ത്രി- അനുശോചനം</u>

മലപ്പുറത്തെ നിപ മരണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നുവെന്നും, കുട്ടിയുടെ ജീവൻ രക്ഷിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$

<u>മണ്ണിടിച്ചിൽ - കർണാടക</u>

PIUTVPM

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിയായ ലോറി ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ആറാം ദിവസവും തുടർന്നു. കഴിഞ്ഞ ദിവസം റഡാറിൽ സിഗ്നൽ ലഭിച്ച സ്ഥലത്താണ് ഇന്ന് സൈന്യത്തിൻറെ നേതൃത്വത്തിൽ തെരച്ചിൽ നടത്തിയത്. എന്നാൽ തെരച്ചിൽ നടത്തിയ മൺകൂനയിൽ ലോറി ഇല്ലെന്ന് സ്ഥിരീകരിച്ചതായി കർണാടക റവന്യൂ മന്ത്രി കൃഷ്ണ ബൈര ഗൗഡ മാധ്യമങ്ങളോട് പറഞ്ഞു. കൂടുതൽ മണ്ണിടിച്ചിലിന് സാധ്യതയുള്ളതിനാൽ ഇനി മണ്ണ് നീക്കം ചെയ്യില്ലെന്നും മന്ത്രി വ്യക്തമാക്കി. സിഗ്നൽ കിട്ടിയ സ്ഥലത്ത് ലോറിയില്ലെന്നും 98 ശതമാനം മണ്ണും നീക്കിക്കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. കൂടുതൽ തെരച്ചിൽ നടത്തേണ്ടതുണ്ടോയെന്ന് തീരുമാനിക്കേണ്ടത് സൈന്യമാണ്. ഇനി അർജുനായുള്ള തെരച്ചിൽ പുഴയിലേക്ക് വ്യാപിപ്പിക്കും. എന്നാൽ പുഴയിലെ തെരച്ചിൽ അതിസങ്കീർണമായിരിക്കുമെന്നും മന്ത്രി സൂചിപ്പിച്ചു. കൂടുതൽ നടപടികൾക്കായി നാവികസേനയുടെ പ്രതികരണത്തിന് കാക്കുകയാണ്. തെരച്ചിലിനായി ഇന്ന് ഉച്ചയോടെയാണ് കരസേന ഷിരൂരിലെ അങ്കോലയിൽ എത്തിയത്. ബലഗാവിയിൽ നിന്നുള്ള 40 അംഗ സംഘമാണ് തെരച്ചിലിന് നേതൃത്വം നൽകിയത്. കനത്ത മഴ രക്ഷാപ്രവർത്തനത്തിന് പലപ്പോഴും തടസ്സമായി. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഉച്ചയ്ക്ക് സംഭവസ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$

## പാർലമെൻറ്

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് നാളെ തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ ഇന്ന് സർവ്വകക്ഷി യോഗം ചേർന്നു. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്താൻ യോഗത്തിൽ എല്ലാ പാർട്ടികളോടും സർക്കാർ അഭ്യർഥിച്ചു. ധനമന്ത്രി നിർമല സീതാരാമൻ ചൊവ്വാഴ്ച കേന്ദ്ര ബജറ്റ് അവതരിപ്പിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ആദ്യ ബജറ്റ് ആണിത്. അടുത്ത മാസം 12 വരെയാണ് സമ്മേളനം.

$$$$$$$$$$$$$$$$$$$$$$$$$$

**<u>ലോക പൈതൃക സമിതി- പി എം</u>**

ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകിട്ട് 7 മണിക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും. ലോക പൈതൃകവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതും പൈതൃക പട്ടികയിൽ ഉൾപ്പെടുത്തേണ്ട സ്ഥലങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നത് ഈ യോഗത്തിലാണ്. 150 ലധികം രാജ്യങ്ങളിൽ നിന്നുള്ള 2,000-ത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനം ഈ മാസം 31 വരെയാണ്.

$$$$$$$$$$$$$$$$$$$$$$$$$$

**<u>ക്ഷേമ പെൻഷൻ- ബാലഗോപാൽ</u>**

സാമൂഹ്യസുരക്ഷ, ക്ഷേമ നിധി പെൻഷൻറെ ഒരു ഗഡു വിതരണം ബുധനാഴ്ച തുടങ്ങുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 1,600 രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുക. ഇതിനായി 900 കോടി അനുവദിച്ചു.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$

**<u>വനിതാ ക്രിക്കറ്റ്</u>**

ഏഷ്യാ കപ്പ് വനിതാ ടി-20 ക്രിക്കറ്റിൽ യു എ ഇ ക്കെതിരെ ഇന്ത്യക്ക് 78 റൺ ജയം. ഇന്ത്യ ഉയർത്തിയ 202 റൺ വിജയലക്ഷ്യം പിന്തുടർന്ന് ഇറങ്ങിയ യു എ ഇ ക്ക് നിശ്ചിത ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 123 റൺ നേടാനെ കഴിഞ്ഞുള്ളു. ഹർമൻപ്രീത് കൗർ, റിച്ച ഘോഷ് എന്നിവർ ഇന്ത്യക്കായി അർദ്ധ സെഞ്ച്വറി നേടി.

$$$$$$$$$$$$$$$$$$$$$$$$$$

**<u>മന്ത്രി വീണാ ജോർജ്.</u>**

കേരളത്തിൽ അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗരേഖ പുറത്തിറക്കിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. രോഗവുമായി ബന്ധപ്പെട്ടുള്ള പ്രതിരോധം,

രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗരേഖയാണ് പുറത്തിറക്കിയത്. ഇന്ത്യയിൽ ആദ്യമായാണ് രോഗം സംബന്ധിച്ച് സാങ്കേതിക മാർഗരേഖ പുറത്തിറക്കുന്നത്. തുടർപഠനത്തിനും ഗവേഷണത്തിനുമായി ഐസിഎംആർ സഹകരണത്തോടെ ഒരു സമിതിയെ നിയോഗിക്കാനും തീരുമാനമായി. എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളും മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കണമെന്നും മന്ത്രി നിർദേശിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$

**മനുഷ്യാവകാശ കമ്മീഷൻ- ഉത്തരവ്**

തിരുവനന്തപുരം നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ ചികിത്സക്കെത്തിയ യുവതിയുടെ മരണം സംബന്ധിച്ച് അന്വേഷണം നടത്താൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. ചികിത്സാ പിഴവ് ആരോപിച്ച് യുവതിയുടെ ഭർത്താവ് നൽകിയ പരാതിയിലാണ് നടപടി. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ സംഭവത്തെ കുറിച്ച് അന്വേഷണം നടത്തി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ഉത്തരവ്.

RAJU TVPM

$$$$$$$$$$$$$$$$$$$$$$$$$$$

**നെയ്യാറ്റിൻകര സംഭവം : ഐ.എം.എ.**

നെയ്യാറ്റിൻകര സർക്കാർ ആശുപത്രിയിൽ ചികിത്സക്കിടയിൽ യുവതിക്ക് ജീവൻ നഷ്ടപ്പെട്ടത് തികച്ചും ദൗർഭാഗ്യകരമെന്ന് ഐ.എം.എ സംസ്ഥാന ഘടകം. എന്നാൽ രോഗിക്ക് വേണ്ട ചികിത്സ ലഭ്യമാക്കിയിട്ടുണ്ടെന്നും മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നത് ഉൾപ്പെടെ ഒരു തരത്തിലുള്ള വീഴ്ചയും നടന്നില്ലെന്നും സംഘടനയുടെ അറിയിപ്പിൽ പറയുന്നു. അതേസമയം ഡോക്ടർ കുറ്റവാളി ആണെന്നും അറസ്റ്റ് ചെയ്യണമെന്നും പ്രചരിപ്പിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ വേണമെന്നും സംഘടന ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$$$

**ഉമ്മൻചാണ്ടി പുരസ്കാരം**

ഉമ്മൻചാണ്ടി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പ്രഥമ ഉമ്മൻചാണ്ടി പൊതുപ്രവർത്തക പുരസ്കാരത്തിന് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി അർഹനായി. ഒരു ലക്ഷം രൂപയും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം. ഭാരത് ജോഡോ യാത്ര നടത്തി ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്തുകയും ചെയ്തതാണ് രാഹുൽ ഗാന്ധിയെ പുരസ്കാരത്തിന് അർഹനാക്കിയതെന്ന് ഫൗണ്ടേഷൻ ഭാരവാഹികൾ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$

RNU TVPM